**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3518** **08-10-2025 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകളിൽ വിവിധ സർട്ടിഫിക്കറ്റുകൾക്കുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ നിന്നുള്ള പൊസഷൻ, ലൊക്കേഷൻ, തണ്ടപ്പേർ വിശദാംശം തുടങ്ങിയ വിവിധതരം സർട്ടിഫിക്കറ്റുകൾ നിശ്ചിത സമയത്ത് ലഭിക്കാത്തതുമൂലം പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ബാങ്ക് ലോണുകൾ ലഭിക്കാതെ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സേവനങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കാവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ കൈവശാവകാശ സാക്ഷ്യപത്രം ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേനയും ലൊക്കേഷൻ സ്കെച്ച്, തണ്ടപ്പേർ പകർപ്പ് എന്നിവ റെലിസ് പോർട്ടൽ മുഖേനയും ഓൺലൈനായി നൽകി വരുന്നുണ്ട്. |
| (ബി) | ഓൺലൈൻ മുഖേന ലഭ്യമല്ലാത്ത സേവനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ നിന്ന് കൈപ്പറ്റ് രസീത് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സേവനങ്ങൾ മുൻഗണനാ പ്രകാരമാണോ തീർപ്പ് കല്പിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | ഓൺലൈൻ മുഖേന ലഭ്യമല്ലാത്ത സേവനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ നിന്ന് കൈപ്പറ്റ് രസീത് നൽകി മുൻഗണനാ ക്രമം പാലിച്ച് സേവനങ്ങൾ സമയബന്ധിതമായി നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ